(സി) വിലയിരുത്തിയിട്ടുണ്ട്. കടലോര ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. പ്രസ്തുത സമിതികൾ കാലാകാലങ്ങളിൽ യോഗങ്ങൾ കൂടുകയും തീരദേശ സുരക്ഷയും മറ്റ് അനുബന്ധ വിഷയങ്ങളും ചർച്ചചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) രണ്ടുഘട്ടങ്ങളിലായി കേന്ദ്ര സർക്കാർ 16 തീരദേശ പോലീസ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. ഇതിൽ വിഴിഞ്ഞം, നീണ്ടകര, ഫോർട്ട് കൊച്ചി, അഴീക്കോട്, ബേപ്പൂർ, തലങ്ങര എന്നീ സ്റ്റേഷനുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ആദ്യ ഘട്ടമായി അനുവദിച്ച 8 പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ തസ്തികകൾ സംസ്ഥാന സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് തസ്തികകൾ നികത്തിവരുന്നു. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുള്ള ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക തൊഴിലാളികളുടെ നിയമനത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി ഓരോ സ്റ്റേഷനിലും രണ്ട് ടാറ്റാ സ്പേഷിയോ വാഹനങ്ങളും മൂന്ന് മോട്ടോർ സൈക്കിളുകളും അനുവദിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കേന്ദ്ര സർക്കാർ എട്ട് 5-ടൺ ബോട്ടുകളും പതിനാറ് 12-ടൺ ബോട്ടുകളും രണ്ടാം ഘട്ടത്തിൽ ഇരുപത് 12-ടൺ ബോട്ടുകളുമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്.

ദേവസ്വം ബോർഡുകളുടെ കൈവശമുള്ള തരിശുഭൂമികൾ നവീകരിക്കാനുള്ള പദ്ധതി

30(*60) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കൈവശമുള്ള തരിശ് ഭൂമികൾ നവീകരിക്കാൻ പുതിയ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ;

(ബി) ഇതിനായി ഒരു എസ്റ്റേറ്റ് വകുപ്പ് രൂപീകരിക്കുന്ന നടപടി എന്തായി;

(സി) പുതുതായി രൂപീകരിക്കുന്ന ഈ വകുപ്പ് ദേവസ്വത്തിന്റെ അധീനതയിലുള്ള തരിശുഭൂമികളിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വിവിധ ദേവസ്വം ബോർഡുകളുടെ കൈവശം ഇത്തരത്തിൽ എന്തു മാത്രം തരിശുഭൂമി ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ സാമ്പത്തിക വർഷം ഈ പദ്ധതിയിൻ കീഴിൽ ഏതെല്ലാം സ്ഥലത്ത് എന്തൊക്കെ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) സർ,

(എ) തിരുവിതാംകൂർ,കൊച്ചി ദേവസ്വം ബോർഡുകൾ കൈവശമുള്ള തരിശുഭൂമികൾ നവീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിൽ തരിശുഭൂമി ഇല്ല. എന്നാൽ ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ ഓരോ ക്ഷേത്രവും വ്യത്യസ്ത ട്രസ്റ്റി ബോർഡിന്റെ നിയന്ത്രണത്തിലായതിനാൽ ക്ഷേത്രങ്ങളുടെ തരിശുഭൂമികൾ നവീകരിക്കുന്നതിനുള്ള ഏകീകൃത പദ്ധതിയെക്കുറിച്ച് ബോർഡ് ഇതുവരെയും ആലോചിച്ചിട്ടില്ല.

ഗുരുവായൂർ ദേവസ്വത്തിൻകീഴിൽ തരിശുഭൂമി ഇല്ല എന്ന് അഡ്മിനി സ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിൽ സാമ്പത്തികപരാധീനതമൂലം തരിശുഭൂമി നവീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു എസ്റ്റേറ്റ് വകുപ്പ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. സർക്കാർ തലത്തിൽ ദേവസ്വം തരിശുഭൂമികൾ നവീകരിക്കുന്നതിന് ഒരു എസ്റ്റേറ്റ് വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.(ആലോചിച്ചിട്ടില്ല).

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് തലങ്ങളുടെ അധീനതയിലുള്ള തരിശുഭൂമികളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും കൃഷി നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മറ്റ് ദേവസ്വം ബോർഡുകളിൽ പ്രത്യേക പദ്ധതികളൊന്നുമില്ല.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡ് തരിശുഭൂമികളുടെ കണക്കെടുത്തിട്ടില്ല എന്ന് ബോർഡിൽനിന്നും അറിയിച്ചിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡിൻകീഴിലെ 401 ക്ഷേത്രങ്ങളിലായി ഏകദേശം 1000 ഏക്കറോളം ഭൂമിയുണ്ടെന്നും ആയത് സ്പെഷ്യൽ തഹസീൽദാർ യൂണിറ്റിൽ നിന്ന് അളന്ന് തിട്ടപ്പെടുത്തിവരുന്നുണ്ടെന്നും ബോർഡിൽനിന്നും അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന്റെ കൈവശം തരിശുഭൂമിയില്ലെന്നും ക്ഷേത്രങ്ങളുടെ കൈവശമുള്ള തരിശുഭൂമി സംബന്ധിച്ച വിവരം ശേഖരിച്ചിട്ടില്ലെന്നും ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൻകീഴിൽ തരിശുഭൂമിയില്ല. കൂടൽമാണിക്യം ദേവസ്വം തരിശുഭൂമി തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) കൊച്ചി ദേവസ്വം ബോർഡിന് കീഴിലുള്ള തൃശ്ശൂർ പളിത്താമം, തൃപ്പൂണിത്തുറ ഗ്രൂപ്പ് എന്നിവിടങ്ങളിൽ ഈ സാമ്പത്തിക വർഷം നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വം എന്നിവിടങ്ങളിൽ ഇത് സംബന്ധിച്ച് തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. തിരുവിതാംകൂർ ദേവസ്വത്തിൽ എസ്റ്റേറ്റ് വകുപ്പിന്റെ പ്രവർത്തനം പ്രാരംഭ ദിശയിലായതിനാൽ പ്രവർത്തനങ്ങളുടെ പൂർത്തീകരണം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly